# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3308.

08-11-2019 ൽ മറുപടിയ്ക്ക്

## നെല്ല് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളുമാക്കി മാറ്റുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ? | (എ) 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങിക്കുത്തി അരിയും അരി ഉല്പന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസ്സിങ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം നൽകിയിരുന്നു. പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകളും പ്രോസസ്സിങ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനാണ് ധനസഹായം നൽകിയത്. അപ്രകാരം കാസറഗോഡ് 121, കണ്ണൂർ 228, എറണാകുളം 15, മലപ്പുറം 40, തൃശ്ശൂർ 8, പാലക്കാട് 3 എന്നിങ്ങനെ 415 മിനി റൈസ് മില്ലുകളും, കോഴിക്കോട് 3, കൊല്ലം 2, ആലപ്പുഴ 7, പാലക്കാട് 3, കോട്ടയം 1 എന്നിങ്ങനെ 16 പ്രോസസ്സിങ് യൂണിറ്റുകളും സ്ഥാപിച്ചു.<br>നടപ്പു വർഷം റൈസ് മില്ലുകളും പ്രോസസ്സിങ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ